(ബി) മീറ്റർ കേടായതായി കണ്ടെത്തിയ ദിവസത്തിന് അല്ലെങ്കിൽ കേടായതായി റിപ്പോർട്ട് ചെയ്ത ദിവസത്തിന് മുമ്പുള്ള മൂന്ന് ബില്ലിംഗ് സൈക്കിളുകളിലെ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് ഉപഭോക്താവിന് ബില്ല് നൽകുന്നത്. മുൻ ബില്ലിംഗ് സൈക്കിളുകളിൽനിന്നും ആവശ്യമായ വിവരങ്ങൾ ലഭ്യമല്ലെങ്കിൽ, മീറ്റർ മാറ്റിയതിനുശേഷമുള്ള തുടർച്ചയായ മൂന്ന ബില്ലിംഗ് സൈക്കിളുകളിൽനിന്നും ശരാശരി കണക്കാക്കുന്നതാണ്. മീറ്റർ കേടായ കാലയളവിൽ ശരാശരി ഉപഭോഗത്തിൽനിന്നും വ്യതിയാനത്തിനുള്ള സാഹചര്യങ്ങളുണ്ടെങ്കിൽ അവയെക്കുറിച്ച് ഉപഭോക്താവ് തെളിവുകൾ നൽകിയാൽ അവകൂടി പരിഗണിച്ച് ശരാശരി ഉപഭോഗം കണക്കാക്കുന്നതാണ്. ശരാശരി ഉപഭോഗം അടിസ്ഥാനമാക്കിയുള്ള ചാർജ്ജുകൾ പരമാവധി രണ്ടു ബില്ലിംഗ് സൈക്കിളുകളിൽ മാത്രമേ ഈടാക്കാൻ വ്യവസ്ഥയുള്ളൂ. അതിനുള്ളിൽ മീറ്റർ മാറ്റി സ്ഥാപിക്കേണ്ടതാണ്.

(സി) ഇല്ല.

സോളാർ വൈദ്യുതീകരണത്തിന് ചുമതലയുള്ള സർക്കാർ ഏജൻസികൾ

16 (2217) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ പാനലുകളും പാരമ്പര്യേതര ഊർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതീകരണത്തിനുമുള്ള ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളും ഏജൻസികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളും ഏജൻസികളും സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരവും ഇതിനായി ചുമത്തുന്ന ഫീസും പരിശോധിക്കുന്നത് ആരാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങളും ഏജൻസികളും നൽകുന്ന സേവനങ്ങൾക്കും സ്ഥാപിക്കുന്ന ഉപകരണങ്ങൾക്കും ഗുണനിലവാരം ഇല്ലാത്തതാണെന്ന ,യാതൊരു നീതീകരണവുമില്ലാതെ ഫീസ് ഈടാക്കുന്നവയാണെന്നോ ഉള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അംഗീകൃത സ്ഥാപനങ്ങൾ സബ്സിഡി അടക്കം നൽകി നടപ്പിലാക്കുന്ന പദ്ധതികൾക്ക് അതേ ഗുണനിലവാരവും സർവ്വീസ് ഉറപ്പുകളും നൽകി ചില സ്വകാര്യ സ്ഥാപനങ്ങൾ അതിനേക്കാൾ കുറഞ്ഞ ചെലവിൽ ഇവ സ്ഥാപിക്കുവാൻ കഴിയുമെന്ന അവകാശവാദവുമായി വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ചെലവിൽ വ്യത്യാസം എങ്ങനെ സംഭവിക്കുന്നതാണെന്ന് അറിയുമോ;

(ഇ) ഇത്തരം സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ്, ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് എടുക്കുന്ന കാലയളവ്, ഗുണനിലവാരം, തുടർസേവന കാലയളവ് തുടങ്ങിയവ വിശദമാക്കുന്ന പരസ്യങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതീകരണത്തിനും, പാരമ്പര്യേതര ഊർജ്ജ ഉപഭോഗത്തിനായി പ്രചരണങ്ങൾ നടത്തുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ രൂപംകൊടുത്ത സ്വയംഭരണ സ്ഥാപനമാണ് അനെർട്ട്. കേന്ദ്ര നവ-നവീകരണീയ മന്ത്രാലയത്തിന്റെ (MNRE) കേരളത്തിലെ നോഡൽ ഏജൻസിയും ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷന്റെ നടത്തിപ്പിനായി നിയമിച്ചിട്ടുള്ള Designated ഏജൻസിയും അനെർട്ടാണ്. സോളാർ വൈദ്യുതോല്പാദനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ധനസഹായത്തോടെ അനെർട്ട് നടപ്പിലാക്കിവരുന്ന പ്രമുഖ പദ്ധതികളാണ് 10000 സൗരഗ്രഹ പദ്ധതി, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി എന്നിവ. ഈ പദ്ധതികളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുനൽകുന്നതിനായി അനെർട്ട് എംപാനൽ ചെയ്ത MNRE ചാനൽ പാർട്ണർ ഏജൻസികളുടെ പട്ടിക അനുബന്ധം (1), (2) ആയി ചേർക്കുന്നു.*

(ബി) കേന്ദ്ര നവ-നവീകരണീയ മന്ത്രാലയം തെരഞ്ഞെടുത്ത IEC, NABL accredited ലാബുകളിലാണ് ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധന നടത്തി സർട്ടിഫിക്കറ്റുകൾ നൽകുന്നത്. ഇത്തരം പരിശോധനയ്ക്കുള്ള ഫീസ് അതാത് സ്ഥാപനങ്ങളാണ് ഈടാക്കുന്നത്. നിർദ്ദിഷ്ട ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയാണോ സൗരോർജ്ജ പ്ലാന്റുകളുടെ പ്രതിഷ്ഠാപനം നടത്തുന്നത് എന്ന് അനെർട്ട് പരിശോധിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര നവ-നവീകരണീയ മന്ത്രാലയം (MNRE) തെരഞ്ഞെടുത്ത ലാബുകളിൽ പരിശോധന നടത്തിയ സർട്ടിഫിക്കറ്റുകൾ അനെർട്ട് പരിശോധിച്ച ശേഷമാണ് സർക്കാർ സബ്സിഡിയോടെ ചെയ്യുന്ന പദ്ധതികളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നത്. ഇതിന്റെ ഗുണനിലവാരത്തെപ്പറ്റി പരാതികൾ ലഭിച്ചിട്ടില്ല. ഇത്തരം പരിശോധനാ സ്ഥാപനങ്ങൾ, ഫീസ് ഈടാക്കുന്നതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. അനെർട്ട് വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണനിലവാരവും സാങ്കേതിക മികവും പ്രതിഷ്ഠാപന രീതി, സർവ്വീസ്, അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ സ്ഥാപിക്കുവാൻ മത്സര സ്വഭാവമുള്ള Expression of interest (EOI) വഴി ലഭിച്ചിട്ടുള്ള തുക പ്രകാരമാണ് അനെർട്ട് പ്രതിഷ്ഠാപനം നടത്തിവരുന്നത്. ഇപ്രകാരം ഉറപ്പ് നൽകിക്കൊണ്ടാണ് മറ്റ് സ്ഥാപനങ്ങൾ പ്രതിഷ്ഠാപനം നടത്തുന്നത് എന്ന് പറയുവാൻ കഴിയില്ല.

(ഇ) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ചുള്ള ഏറ്റവും പുതിയ വിശദാംശങ്ങൾവരെ അനെർട്ടിന്റെ വെബ്സൈറ്റിൽ നൽകിവരുന്നുണ്ട്.

പഴശ്ശി സാഗർ ജല വൈദ്യുത പദ്ധതി

17 (2218) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും പദ്ധതിയുടെ സ്ഥാപിത ശേഷി എത്രയാണെന്നും അറിയിക്കുമോ;

(സി) പദ്ധതിക്കാവശ്യമായ ഫണ്ട് ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ലഭ്യമാകുന്നത്;

(ഡി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും എപ്പോൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അറിയിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് 20-11-2015-ൽ ചേർന്ന വൈദ്യുതി ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. അതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly